## ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

### CLASS 5 (ANNUALEXAM 2024)

---

**1) മോശയുടെ ബാല്യകാലവുമായി ബന്ധപ്പെട്ട ശരിയായ പരാമർശം തിരഞ്ഞെടുക്കുക.**

**A) മോശ എന്ന പേര് രാജകുമാരി നൽകി.**
B) അഞ്ചു മാസം മാതാപിതാക്കൾ ഒളിപ്പിച്ചു വച്ചു.
C) ഗോഫർ മരം കൊണ്ടുള്ള പെട്ടിയിൽ കിടത്തി.
D) ഫറവോന്റെ ഭാര്യ എടുത്തുവളർത്തി.

**2) രാജകീയ ഭക്ഷണവും വിദ്യാഭ്യാസവും പരിചരണവും ലഭിച്ചിട്ടും സ്വന്ത ജനത്തെ മറക്കാത്ത നേതാവ് ആരാണ്?**

**A) മോശ**
B) യോശുവ
C) ദാവീദ്
D) ശലോമോൻ

**3) മോശയുടെ ഭാര്യ ആരാണ്?**

**A) സിപ്പോറ**
B) അബീഗയിൽ
C) ഹന്നാ
D) ഇവരാരുമല്ല

**4) മോശയുടെ ദൈവം പ്രവർത്തിച്ച അടയാളങ്ങൾ ഏതെല്ലാം?**

**A) ഇതെല്ലം ശരിയാണ്.**
B) കയ്യിലുള്ള വടി പാമ്പായി.
C) കൈ മാർവിടത്തിൽ ഇട്ടപ്പോൾ കുഷ്ഠമായി.
D) നൈൽ നദിയിലെ വെള്ളം രക്തമായി.

**5) ഈജിപ്റ്റിൽ പ്രവർത്തിച്ച പത്തു ബാധകളിൽ ഉൾപ്പെടാത്തത് ഏതാണ്?**

**A) വന്യ മൃഗങ്ങളുടെ ആക്രമണം.**
B) പേൻ വർദ്ധിച്ചു.
C) മൃഗങ്ങളുടെ മേൽ കഠിനമായ വ്യാധി.
D) കഠിനമായ കൽമഴ.

**6) മിസ്രേമ്യരുടെ മേൽ ബാധകൾ ഉണ്ടായപ്പോൾ ആരുടെ ഹൃദയമാണ് കഠിനമായത്?**

**A) ഫറവോൻ**
B) മോശ
C) അഹരോൻ
D) യഹോവ

**7) പെസഹാ പെരുന്നാളിൽ ആട്ടിൻകുട്ടിയെ അറുക്കുന്നത് എന്ന്?**

**A) ആബീബ് മാസം 14**
B) സിവാൻ 4
C) തേഷ്രി 15
D) അദ്ദാർ 30

**8) യിസ്രായേൽ ജനം ചെങ്കടൽ കടന്നതുമായി ബന്ധപ്പെട്ട് തെറ്റായ പരാമർശം തിരഞ്ഞെടുക്കുക.**

A) കടലിന്റെ തീരത്തുകൂടി നടന്നു കനാനിലെത്തി.
B) മോശ കടലിന്മേൽ കൈനീട്ടി.
C) മിസ്രേമ്യർ യിസ്രായേല്യരെ പിന്തുടർന്നു.
D) ഫറവോനും മിസ്രേമ്യ സൈന്യവും ചെങ്കടലിൽ മുങ്ങിപ്പോയി.

**9) വൃക്ഷം വെട്ടി വെള്ളത്തിലിട്ടപ്പോൾ ജലം മധുരമായി തീർന്നത് എവിടെ?**
**A) മാറാ**
B) യേറിഹോ
C) എലീം
D) ശുശാൻ

**10) സാക്ഷ്യസന്നിധിയിൽ എത്ര അളവു മന്നായാണ് സൂക്ഷിച്ചുവച്ചത്?**
**A) ഒരിടങ്ങഴി**
B) രണ്ടിടങ്ങഴി
C) സൂക്ഷിച്ചു വച്ചില്ല
D) നാലിടങ്ങഴി

**11) യേശുവിന്റെ ഉപമകളിൽ ഉൾപ്പെടാത്തത് ഏതാണ്?**
**A) വലതുഭാഗത്തെ കള്ളന്റെ ഉപമ**
B) നല്ല ശമര്യക്കാരന്റെ ഉപമ
C) കാണാതെപോയ ആടിന്റെ ഉപമ
D) മുടിയനായ പുത്രന്റെ ഉപമ

**12) എവിടെ വീണ വിത്താണ് ലോകത്തിന്റെ ചിന്തയും ധനത്തിന്റെ മോഹവും മൂലം ഫലമില്ലാതെ പോയത്?**
**A) മുള്ളിനിടയിൽ**
B) പാറപുറത്തു
C) വഴിയരികിൽ
D) മണൽപുറത്ത്

**13) താബോർ മലയിൽ വച്ചു യേശുവും മോശയും ഏലിയാവും ഏതു വിഷയം സംബന്ധിച്ചാണ് സംഭാഷണം നടത്തിയത്?**
**A) കുരിശുമരണം**
B) പെന്തിക്കോസ്തി
C) മാമോദീസാ
D) ശിഷ്യന്മാരുടെ തിരഞ്ഞെടുപ്പ്

**14) തേജസ്കരണത്തിനു ശേഷം യേശുവും ശിഷ്യന്മാരും മലയിറങ്ങി വന്നപ്പോൾ കണ്ടത് ആരെ?**
**A) രോഗികൾ**
B) പരീശന്മാർ
C) പടയാളികൾ
D) മഹാപുരോഹിതന്മാർ

**15) സൂത്താറയ്ക്കും പ്രഭാതത്തിനും ഇടയ്ക്കുള്ള യാമം ഏതാണ്?**
**A) പാതിരാത്രി**
B) സന്ധ്യ
C) മൂന്നാം മണി
D) ഒൻപതാം മണി

**16) കർത്തൃപ്രാർത്ഥനയിലെ ആദ്യ മൂന്ന് അപേക്ഷകളുടെ അർഥം എന്താണ്?**
**A) കർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ ദൈവരാജ്യത്തിനായുള്ള പ്രതീക്ഷകൾ പൂർണമാകുന്നു .**

B) വിശുദ്ധരോടുള്ള മധ്യസ്ഥത.
C) കർത്താവിന്റെ പരസ്യശുശ്രൂഷയുടെ മഹനീയത.
D) ഭൂമിയിൽ മനുഷ്യജീവിതം അനിവാര്യമായവയെ ആഗ്രഹിക്കുന്നു.

**17) നല്ല ഇടയന്റെ സവിശേഷതകൾ രേഖപ്പെടുത്തുന്ന സുവിശേഷ ഭാഗം ഏതാണ്?**
**A) യോഹന്നാൻ 10:1-15**
B) മത്തായി 6:916
C) ലൂക്കോസ് 8:1-15
D) മർക്കോസ് 4:1-14

**18) പൂരിപ്പിക്കുക. 'ഞാൻ മുന്തിരിവള്ളിയും നിങ്ങൾ .......... ആകുന്നു'.**
**A) കൊമ്പുകളും**
B) ഫലങ്ങളും
C) മുന്തിരികളും
D) ദാസന്മാരും

**19) വിശുദ്ധ മത്തായി 5:3-10 വരെയുള്ള വേദഭാഗം അറിയപ്പെടുന്നത് എങ്ങനെ?**
**A) ഭാഗ്യവർണ്ണനകൾ**
B) കർത്തൃപ്രാർത്ഥന
C) കന്യക മറിയാമിന്റെ പാട്ട്
D) നല്ല ശമര്യക്കാരന്റെ ഉപമ

**20) നാം പരസ്പരം വിധിക്കരുത് എന്ന് യേശു പഠിപ്പിച്ചതിന്റെ കാരണം എന്താണ്?**
**A) ദൈവം മാത്രമാണ് വിധികർത്താവ്.**
B) ന്യായപ്രമാണം ആരെയും വിധിക്കുന്നില്ല.
C) കോടതികൾ നിയമപാലനം ഉറപ്പുവരുത്തും.
D) വിധിക്കാൻ ഏൽപ്പിച്ചിരിക്കുന്നത് ശിഷ്യന്മാരെയാണ്.

**21) പ്രാർത്ഥന പൂർത്തീകരിക്കുക. 'ബഹുമതിപൂർവം നിന്റെ ............... ഞാൻ വന്ന്, എന്റെ നേർച്ചകൾ നിനക്ക് കഴിക്കും.'**
**A) ഭവനത്തിലേക്ക്**
B) ദേവാലയത്തിലേക്ക്
C) സ്ഥലത്തേക്ക്
D) ആലയത്തിലേക്ക്

**22) 'നീതിമാന്മാരുടെ കൂടാരത്തിൽ മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദം' എന്ന് ദാവീദ് മുഖാന്തരം പരിശുദ്ധ റൂഹാ പാടി. ഏതാണ് മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദം?**
**A) ദൈവവചനം**
B) ദേവാലയം
C) ആരാധനാ
D) സഭ

**23) യേശു ക്രിസ്തു ദൈവപുത്രനാകുന്നു എന്ന് അപ്പോസ്തോലന്മാർ വ്യാഖ്യാനിച്ചതും പഠിപ്പിച്ചതും ഏതു പശ്ചാത്തലത്തിലും അടിസ്ഥാനത്തിലുമാണ്?**
**A) പഴയനിയമം**
B) പുതിയനിയമം
C) പുതിയനിയമ ആരാധനാ
D) വിശ്വാസപ്രമാണം

**24) വിശുദ്ധ കുർബാനയിൽ തെക്കു ഭാഗത്തു ലേഖനം വായിക്കുമ്പോൾ ശുശ്രൂഷക്കാരൻ പറയുന്ന ആമുഖം ഏതാണ്?**
**A) ആഹായ്**
B) ഹാബീബായ്
C) സ്തൗവ്മെൻ കാലോസ്
D) ആമ്മീൻ

**25) 'കർത്താവിനെ സ്തോത്രം ചെയ്യുന്നതും അത്യുന്നതനായ തന്റെ നാമത്തെ കീർത്തിച്ചു പാടുന്നതും...' എന്ന് ആരംഭിക്കുന്ന പ്രാർത്ഥന ചൊല്ലുന്നത് എപ്പോൾ?**
**A) പ്രഭാതം**
B) സന്ധ്യ
C) സൂത്താറ
D) പാതിരാത്രി

**26) ഓർത്തഡോക്സ് പാരമ്പര്യത്തിലെ പ്രാർത്ഥനകളുടെ സവിശേഷത തിരഞ്ഞെടുക്കുക.**
**A) വ്യക്തിപരമായ ആവശ്യങ്ങളേക്കാൾ സാമൂഹ്യമായ ആവശ്യങ്ങൾക്ക് പ്രാധാന്യം നൽകുന്നു.**
B) സാമൂഹ്യമായ ആവശ്യങ്ങൾ പരിഗണിക്കുന്നില്ല.
C) മനുഷ്യന്റെ ആവശ്യങ്ങൾക്ക് മാത്രം പ്രാധാന്യം നൽകുന്നു.
D) ഇവയെല്ലാം ശരിയാണ്.

**27) സഭയുടെ ആരാധനയിൽ വേദപുസ്തകം വായിക്കുന്നത് സംബന്ധിച്ച് ശരിയായ പരാമർശം തിരഞ്ഞെടുക്കുക.**
**A) വിശുദ്ധ കുർബാനയിൽ പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ നിന്നും സുവിശേഷത്തിൽ നിന്നും വായിക്കുന്നു.**
B) മദ്ബഹായുടെ വടക്കു ഭാഗത്തു പഴയനിയമത്തിൽ നിന്നും വായിക്കുന്നു.
C) മദ്ബഹായുടെ തെക്കു ഭാഗത്തു അപ്പോസ്തോല പ്രവർത്തികളിൽ നിന്നും വായിക്കുന്നു.
D) ത്രൈശുദ്ധ കീർത്തനത്തിനു മുമ്പ് ലേഖനങ്ങൾ വായിക്കുന്നു.

**28) ജാതികളുടെ അപ്പോസ്തോലൻ ആരാണ്?**
**A) പൗലോസ് ശ്ലീഹ**
B) പത്രോസ് ശ്ലീഹ
C) തോമ്മാശ്ലീഹാ
D) മത്തായി ശ്ലീഹ

**29) 'കർത്തവരുളിചെയ്തു ഞാൻ...' എന്ന ഗീതത്തിന്റെ അടിസ്ഥാനത്തിൽ നല്ല നിലം വിത്ത് സ്വീകരിക്കുന്നതുപോലെ വചനമാകുന്ന വിത്ത് സ്വീകരിച്ചത് ആരാണ്?**
**A) കന്യകമറിയം**
B) ഗബ്രിയേൽ മാലാഖ
C) യോഹന്നാൻ സ്നാപകൻ
D) ശിഷ്യന്മാർ

**30) ഏവൻഗേലിയോൻ എന്ന വാക്കിന്റെ അർഥം എന്താണ്?**
**A) സുവിശേഷം**
B) വചനം
C) വെളിപ്പാട്
D) പ്രസംഗം

**31) പെന്തിക്കോസ്തി നാളിൽ പ്രസംഗിച്ചത് ആരാണ്?**
**A) പത്രോസ് ശ്ലീഹാ**
B) പൗലോസ് ശ്ലീഹ
C) യേശുക്രിസ്തു
D) യോഹന്നാൻ ശ്ലീഹ

**32) അപ്പോസ്തോല പ്രവർത്തികളിൽ പരാമർശിക്കാത്ത സംഭവം ഏതാണ്?**
**A) യോഹന്നാൻ ശ്ലീഹായ്ക്കുണ്ടായ വെളിപ്പാട്**
B) ശെമ്മാശന്മാരുടെ തിരഞ്ഞെടുപ്പ്
C) പരീശപ്രമാണിയായ ശൗലിന്റെ മാനസാന്തരം
D) മർക്കോസിന്റെ മാളികയിൽ ഒരുമനപ്പെട്ടുള്ള പ്രാർത്ഥന

**33) മാർത്തോമാശ്ലീഹ ഭാരതത്തിൽ സഭ സ്ഥാപിച്ചതിനുള്ള സുപ്രധാനമായ തെളിവ് ഏതാണ്?**
**A) മാർത്തോമയുടെ പൈതൃകം അവകാശപ്പെടുന്ന കേരളത്തിലെ സമൂഹം.**
B) പാശ്ചാത്യ സഭകളുടെ സ്ഥാപനം.
C) യേശു ശിഷ്യന്മാരെ സുവിശേഷം അറിയിക്കാൻ അയച്ചു.
D) മാർത്തോമാ ശ്ലീഹായുടെ ലേഖനങ്ങൾ.

**34) മാർത്തോമാശ്ലീഹായുടെ തിരുശേഷിപ്പ് മൈലാപൂരിൽ നിന്നും എവിടേക്കാണ് കൊണ്ടുപോയത്?**
**A) എഡേസ്സ**
B) കൊരിന്ത്
C) അന്ത്യോഖ്യാ
D) എഫേസൂസ്

**35) 'സർവശക്തനായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്ന് ആർത്തുവിളിക്കുന്ന സ്വർഗ്ഗീയരുടെ മധ്യത്തിൽ നിൽക്കുന്നത് ആരാണ്?**
**A) അറുക്കപ്പെട്ട കുഞ്ഞാട്**
B) മാമോദീസാ സ്വീകരിച്ചവർ
C) പരിശുദ്ധാത്മാവ്
D) വാങ്ങിപോയവർ

**36) നമ്മുടെ വാങ്ങിപോയവരെ ഓർമ്മിക്കുന്നത് ഏതു തുബ്ദേനിലാണ്?**
**A) ആറ്**
B) മൂന്ന്
C) രണ്ട്
D) ഒന്ന്

**37) വിശുദ്ധ കുർബാനയിൽ സമാധാനചുംബനം നൽകുന്നതിന്റെ അർത്ഥം എന്താണ്?**
**A) എല്ലാവരോടും നിരപ്പാക്കുക.**
B) വിരോധം പുലർത്താം.
C) ഗീതങ്ങൾ ആലപിക്കാം.
D) പശ്ചാത്തപിക്കാം.

**38) വിശുദ്ധ കുർബാനയിൽ നമ്മുടെ പങ്കാളിത്തം പൂർണമാവുന്നത് എപ്പോഴാണ്?**
**A) വിശുദ്ധ കുർബാന സ്വീകരിക്കുമ്പോൾ.**
B) യാമനമസ്കാരങ്ങൾ പൂർത്തിയാക്കുമ്പോൾ.
C) കൂദാശകളിൽ പങ്കെടുക്കുമ്പോൾ.
D) ഗീതങ്ങളും പ്രതിവാക്യങ്ങളും ചൊല്ലുമ്പോൾ.

**39) മോറാനായ പെരുന്നാളുകൾ ആചരിക്കേണ്ടത് എങ്ങനെ?**
**A) ഇവയെല്ലാം ശരിയാണ്.**
B) കുമ്പിടുന്നില്ല.
C) ഉപവസിക്കുന്നില്ല.
D) യാമനമസ്കാരങ്ങൾ നടത്തണം.

**40) 'ദനഹാ' എന്ന വാക്കിന്റെ അർഥം എന്താണ്?**
**A) ഉദയം**
B) ജനനം
C) മാമോദീസ
D) കഴുകൽ

**41) കൂദാശയുടെ ആത്യന്തിക ലക്ഷ്യം എന്താണ്?**
**A) വിശുദ്ധീകരണത്തിലേക്ക് നയിക്കുക.**
B) നന്മ പ്രവർത്തികൾക്ക് പ്രചോദിപ്പിക്കുക.
C) വേദപുസ്തകം പഠിപ്പിക്കുക.
D) സഭയെകുറിച്ചു കൂടുതലായി മനസ്സിലാക്കുക.

**42) സഭയിലേക്ക് കൃപ വർഷിക്കുന്നതിനുള്ള പ്രധാന മുഖാന്തരം ഏതാണ്?**
**A) കൂദാശകൾ**
B) പെരുന്നാളുകൾ
C) പ്രദക്ഷിണങ്ങൾ
D) നേർച്ചകൾ

**43) ഏതു റോമൻ ചക്രവർത്തിയുടെ കാലത്താണ് ഗീവർഗീസ് സഹദാ രക്തസാക്ഷിയായത്?**
**A) ഡയോക്ലിഷ്യൻ**
B) കലിഗുള
C) ജൂലിയസ് സീസർ
D) ഒക്ടേവിയൻ

**44) ഗീവർഗീസ് സഹദായെ സംബന്ധിക്കുന്ന തെറ്റായ പരാമർശം തിരഞ്ഞെടുക്കുക.**
**A) അന്ത്യോക്യയിൽ ജനിച്ചു.**
B) ചെറുപ്പത്തിൽ പാലസ്തീനിലേക്ക് താമസം മാറി.
C) ചക്രവർത്തിയുടെ ക്രിസ്തീയ വിരുദ്ധ വിളംബരത്തെ എതിർത്തു.
D) വാളിനാൽ ശിരച്ഛേദം ചെയ്യപ്പെട്ടു.

**45) യേശുവിന്റെ വളർത്തുപിതാവായ യൗസേഫിന് എത്ര തവണ സ്വപ്നത്തിൽ അരുളപ്പാടുണ്ടായതായി സുവിശേഷത്തിൽ കാണാം?**
**A) നാല്**
B) രണ്ട്
C) മൂന്ന്
D) അഞ്ച്

**46) യേശുവിന്റെ ബാല്യകാലവുമായി ബന്ധപ്പെട്ട് ഏറ്റവും ശരിയായ ഓപ്ഷൻ തിരഞ്ഞെടുക്കുക.**
**A) ഇവയെല്ലാം ശരിയാണ്.**
B) ബെത്‌ലഹേമിൽ ജനിച്ചു.
C) എട്ടാം ദിവസം പരിച്ഛേദന ഏറ്റു.
D) നാല്പതാം ദിവസം യെരുശലേം ദേവാലയത്തിൽ പോയി യാഗം അർപ്പിച്ചു

**47) മര്യാദപൂർവ്വമായ പെരുമാറ്റത്തിനുള്ള പരിശീലനം ചെറുപ്രായത്തിൽ**

**ലഭിക്കുന്നത് എവിടെ നിന്നാണ്?**

**A) ഭവനം**

B) സ്കൂൾ

C) കോടതി

D) ഓഫീസ്

**48) അധ്യക്ഷൻ 'അതിഥിപ്രിയൻ' ആയിരിക്കണം എന്ന് പൗലോസ് ശ്ലീഹ ഓർമിപ്പിച്ചത് ആരെ?**

**A) തീമോത്തിയോസ്**

B) ഗായൊസ്

C) ശീലാസ്

D) പത്രോസ് ശ്ലീഹാ

**49) കൃത്യനിഷ്ഠ പാലിക്കാതിരിക്കുമ്പോൾ വരുന്ന പ്രതിസന്ധി എന്താണ്?**

**A) ആരും ഉത്തരവാദിത്തങ്ങൾ ഏല്പിക്കുകയില്ല.**

B) കൃത്യമായ സമയക്രമം പാലിക്കാം.

C) തുടങ്ങുന്ന ജോലികൾ പൂർത്തീകരിക്കാം.

D) എല്ലാം പൂർത്തിയായി മനസ്സിലാകും.

**50) നമ്മുടെ ജീവിതത്തിൽ കൃത്യനിഷ്ഠ ഉണ്ടാകാൻ സഹായിക്കുന്ന ആത്മീയ കാര്യങ്ങൾ ഏതെല്ലാം?**

**A) ഇവയെല്ലാം ശരിയാണ്.**

B) കൃത്യമായ പ്രാർത്ഥന.

C) ആരാധനയിൽ പൂർണ്ണമായ പങ്കുചേരൽ.

D) നോമ്പിലും ഉപവാസത്തിലുമുള്ള താല്പര്യം